12099
18/11/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - 2014- ലെ സാമൂഹ്യനീതി ദിനാഘോഷ പരിപാടികൾക്കായി സംഭാവന നൽകുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ. (സാധാ) നം.678/14/സാനീവ    തിരുവനന്തപുരം, തീയതി. 17.11.2014.

പരാമർശം: 1. 06.05.2014 ലെ സ.ഉ.(സാധാ) 315/2014/സാനീവ നമ്പർ ഉത്തരവ്

2.സാമൂഹ്യനീതി ഡയറക്ടറുടെ 28.10.2014 ലെ എഫ്1 -12322/14 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യനീതി ദിനം 2014, കാസർഗോഡ് ജില്ലയിൽ വച്ച് നവംബർ 21,22,23 തീയതികളിൽ സമുചിതമായി ആഘോഷിക്കുവാനും ആയതിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ആഘോഷപരിപാടികൾക്കായി 25 ലക്ഷം രൂപ പരാമർശം ഒന്നിലെ ഉത്തരവു പ്രകാരം അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 35 ലക്ഷം രൂപ വകുപ്പിന്റെ ഇതര സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കണമെന്ന് പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2014- ലെ സാമൂഹ്യനീതി ദിനാഘോഷം സമുചിതമായി ആഘോഷിക്കുന്നതിനായി വകുപ്പിനു കീഴിലുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, കേരള വനിതാ കമ്മീഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, ജെൻഡർ പാർക്ക് എന്നീ സ്ഥാപനങ്ങൾ 7,00,000/- രൂപ (ഏഴ് ലക്ഷം രൂപ മാത്രം) വീതം സാമൂഹ്യനീതി ഡയറക്ടർക്ക് ലഭ്യമാക്കാൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എൽ.എ. ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം
സെക്രട്ടറി, വനിതാ കമ്മീഷൻ, പി.എം.ജി, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, ബസന്ത്, കവടിയാർ പി.ഒ. തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ, ജെൻഡർ പാർക്ക്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്) കേരളം , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ( എ & ഇ) കേരളം , തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ